# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5481 02.11.2016 ൽ മറുപടിക്ക്.**

## പാലക്കാട് ജില്ലയിലെ അതിർത്തി ചെക്ക്പോസ്റ്റുകളുടെ നവീകരണം

| ചോദ്യം<br>ശ്രീ.കെ. ബാബു | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
|---|---|---|---|
| എ) | പാലക്കാട് ജില്ലയിലെ ഏതെല്ലാം അതിർത്തി ചെക്ക്പോസ്റ്റുകളാണ് നവീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ; | എ) | 2016 – 17 ലെ ബഡ്ജറ്റ് പ്രഖ്യാപനമനുസരിച്ച് കേരളത്തിലെ 7 ചെക്ക് പോസ്റ്റുകൾ അത്യാധുനിക സൗകര്യങ്ങളോട് കൂടിയ ഡേറ്റാ കളക്ഷൻ ആൻഡ് ഫെസിലിറ്റേഷൻ സെന്ററുകൾ ആക്കി മാറ്റി നവീകരിക്കുന്നതിനുള്ള പ്രഖ്യാപനം നടത്തിയിട്ടുണ്ട്. അതിൽ പാലക്കാട് ജില്ലയിലെ വാളയാർ ചെക്ക് പോസ്റ്റ് ഉൾപ്പെട്ടിട്ടുണ്ട്. |
| ബി) | നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ; | ബി) | നവീകരണ പ്രക്രിയയുടെ ആദ്യഘട്ടത്തിൽ നിലവിൽ, ആധുനികവൽക്കരണത്തിനാവശ്യമായ അളവിൽ ഭൂമി ലഭ്യമായിട്ടുള്ള കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം, വയനാട് ജില്ലയിലെ മുത്തങ്ങ എന്നീ ചെക്ക് പോസ്റ്റുകളെയാണ്, ഡേറ്റാ കളക്ഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാറ്റുവാൻ തീരുമാനിച്ചിട്ടുള്ളത്. ആയതിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.<br>വാളയാർ ചെക്ക് പോസ്റ്റിൽ ആധുനികവൽക്കരണത്തിനായി സ്ഥലം ഏറ്റെടുക്കുന്ന വിഷയത്തിൽ സ്ഥലവാസികൾ നൽകിയ വ്യവഹാരവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി, സ്ഥലമെടുപ്പ് നടപടികൾ ആവശ്യമെങ്കിൽ ചട്ടപ്രകാരം പുനരാരംഭിക്കണം എന്ന് ഉത്തരവിട്ടിരിക്കുകയാണ്. ഇതിനെത്തുടർന്ന് വാളയാറിൽ ആവശ്യമായ ഭൂമി നിലവിലെ നിയമപ്രകാരം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| സി) | പ്രസ്തുത പ്രവർത്തനത്തിന്റെ ഭാഗമായി നടപ്പിലാക്കാൻ പോകുന്ന വികസനം | സി | ചെക്ക് പോസ്റ്റുകളെ ഡേറ്റാ കളക്ഷൻ ആൻഡ് ഫെസിലിറ്റേഷൻ സെന്ററുകളായി |

-2-

| | | | |
|---|---|---|---|
| | എന്തൊക്കെയാണെന്ന് വിശദമാക്കാമോ ? | | നവീകരിക്കുമ്പോൾ, നിലവിലുള്ള ചെക്ക് പോസ്റ്റ് സംവിധാനത്തിലെ ഏറ്റവും സങ്കീർണ്ണമായ വിഷയങ്ങളായ ഗതാഗതകുരുക്ക്, നടപടി കുരുക്കുകൾ എന്നിവ പൂർണ്ണമായും ഇല്ലാതാക്കുകയെന്നതാണ് ഈ പദ്ധതിയുടെ അടിസ്ഥാന ലക്ഷ്യം.നിലവിൽ അതിർത്തിയിൽ പല സ്ഥലങ്ങളിലായി പ്രവർത്തിക്കുന്ന ആറ് വകുപ്പുകളുടെ കീഴിൽ വരുന്ന ചെക്ക് പോസ്റ്റുകളെ ഒരു കൂരയ്ക്ക് കീഴിൽ കൊണ്ടുവരുമ്പോൾ തന്നെ നടപടി ക്രമങ്ങൾ വളരെ ലളിതമായതായിതീരുന്നു.<br>സംയോജിത വിവരശേഖരണ കേന്ദ്രത്തോടനുബന്ധിച്ചുള്ള ഫെസിലിറ്റേഷൻ സെന്ററിൽ സമർപ്പിക്കുന്ന പൊതു വിവരങ്ങൾ ഒരു പ്രത്യേക സോഫ്റ്റ് വെയർ വഴി ഫിൽറ്റർ ചെയ്ത് ഒരേ സമയം തന്നെ ആറ് വകുപ്പുകൾക്കും അവർക്കാവശ്യമുള്ളവ മാത്രമായി ലഭ്യമാകുന്നതിനാൽ, വാഹനം സെന്ററിനുള്ളിലേക്ക് കടന്നുവരുമ്പോൾ ഓരോ വകുപ്പുകൾക്കും കുറഞ്ഞ സമയം കൊണ്ട് പരിശോധന പൂർത്തിയാക്കി വാഹനത്തെ കടത്തിവിടുവാൻ സാധിക്കുന്നു.<br>സെന്ററിൽ സ്ഥാപിക്കുവാനുദ്ദേശിക്കുന്ന ഇലക്ട്രോണിക് വെയ്ബ്രിഡ്ജുകൾ, നമ്പർ പ്ലേറ്റ് റിഡറുകൾ, ആർ. എഫ്. ഐ. ഡി. സംവിധാനം, സി. സി. ടി. വി. ക്യാമറ, ബൂംബാരിയറുകൾ തുടങ്ങിയവ ടി. സോഫ്റ്റ് വെയറുമായി ലിങ്ക് ചെയ്യുമെന്നതിനാൽ, ഇവയിലൂടെ കടന്ന് വരുന്ന വാഹനങ്ങളെയും ചരക്കിനെയും സംബന്ധിച്ച വിവരങ്ങൾ, അതാത് സമയം തന്നെ മറ്റ് ഡേറ്റകളോടൊപ്പം കൗണ്ടറിലെ ഉദ്യോഗസ്ഥർക്ക് ലഭിക്കുമെന്നതിനാൽ ചരക്ക് നീക്കത്തിന്റെ കാര്യക്ഷമത, വേഗത, സുതാര്യത എന്നിവ പതിൻമടങ്ങ് വർദ്ധിക്കുകയും നികുതി വരുമാനം വർദ്ധിക്കുന്നതിന് സഹായകമാവുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ